ENTRI

1 Crore User Downloads

# CURRENT AFFAIRS 10 DEC 2024




### ലോക മനുഷ്യാവകാശ ദിനം
**ഡിസംബർ 10**
- **2024 Theme - Our rights, our future, right now**
- **1948 ഡിസംബർ 10നാണ് ഐക്യരാഷ്ട്രസഭ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചത്. ഈ ദിനം ലോകം മനുഷ്യാവകാശദിനമായി ആചരിക്കുന്നു.**

---


സഞ്ജയ് മൽഹോത്ര

### റിസർവ് ബാങ്കിന്റെ (ആർ.ബി.ഐ.) പുതിയ ഗവർണറായി 2024 ഡിസംബറിൽ നിയമിതനായത്
**സഞ്ജയ് മൽഹോത്ര**
- **ആർ.ബി.ഐയുടെ 26-ാമത്തെ ഗവർണറാണ് സഞ്ജയ് മൽഹോത്ര.**
- **ആർ.ബി.ഐയുടെ 25-ാമത്തെ ഗവർണറായിരുന്ന ശക്തികാന്ത ദാസിന്റെ പിൻഗാമിയായാണ് സഞ്ജയ് മൽഹോത്ര നിയമിതനായത്.**

---



### 2024ലെ അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീട ജേതാക്കൾ
**ബംഗ്ലാദേശ്**
- **ദുബായ് രാജ്യാന്തര സ്റ്റേഡിയത്തിൽ നടന്ന ഫൈനലിൽ ഇന്ത്യയെ പരാജയപ്പെടുത്തിയാണ് ബംഗ്ലാദേശ് കിരീടം സ്വന്തമാക്കിയത്.**
- **ബംഗ്ലാദേശ് തുടർച്ചയായ രണ്ടാം തവണയാണ് ഏഷ്യാ കപ്പ് കിരീടം സ്വന്തമാക്കുന്നത്.**

---


ഷാജി എൻ കരുൺ

### 2023ലെ ജെ സി ഡാനിയേൽ പുരസ്കാരത്തിന് അർഹനായ മലയാള ചലച്ചിത്ര സംവിധായകൻ
**ഷാജി എൻ കരുൺ**
- **ചലച്ചിത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്കാണ് അവാർഡ്.**
- **സംസ്ഥാന സർക്കാരിന്റെ പരമോന്നത ചലച്ചിത്ര പുരസ്കാരമാണ് ജെ സി ഡാനിയേൽ പുരസ്കാരം.**
- **2022ലെ ജെ.സി ഡാനിയേൽ പുരസ്കാര ജേതാവ് - ടി.വി ചന്ദ്രൻ**

---

### അന്താരാഷ്ട്ര ജെൻ എ.ഐ കോൺക്ലേവിന്റെ രണ്ടാം പതിപ്പിന് വേദിയായത്
**തിരുവനന്തപുരം**
- **ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഐഎച്ച്ആർഡിയാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.**